# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വിളക്കുടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2024-2025

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
## ജില്ലാ ഓഡിറ്റ് കാര്യാലയം

കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.എൽ.എം.പി.9 /2159/25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയതി: 17/11/2025
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വിളക്കുടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വിളക്കുടി ഗ്രാമപഞ്ചായത്തിന്റെ **2024-2025** സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വിളക്കുടി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക്

ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ന്യൂനതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച് ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.എൽ.എം.പി.9 /2159/25 തീയ്യതി: 17/11/2025

## <u>കൊല്ലം ജില്ലയിലെ വിളക്കുടി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 216(4) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ വിളക്കുടി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 16-10-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ

ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥർ:**

| പേര് | ഉദ്യോഗപ്പേര് | തിയതി (മുതൽ) | തിയതി (വരെ) |
|---|---|---|---|
| ശ്രീ.മണിലാൽ വി | ഡെപ്യൂട്ടി ഡയറക്ടർ | 07-10-2025 | 16-10-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തിയതി (മുതൽ) | തിയതി (വരെ) |
|---|---|
| 07-10-2025 | 16-10-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. പ്രദീപ് കുമാർ എൻ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീമതി ഷീബാമോൾ ജേക്കബ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി രാജശ്രീ സി ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ അജിലാഷ് ബി, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തിയതി (മുതൽ) | തിയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി.ശ്രീകല.കെ.ആർ. | പ്രസിഡന്റ് | 01-04-2024 | 31-12-2024 |
| ശ്രീമതി.റെജീന തോമസ് | പ്രസിഡന്റ് | 01-01-2025 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ശിവപ്രസാദ്.എസ് | സെക്രട്ടറി | 01-04-2024 | 06-09-2024 |
| ശ്രീ. നസീർ എൻ | സെക്രട്ടറി | 07-09-2024 | 10-09-2024 |
| ശ്രീ. ജയകുമാർ.ആർ | സെക്രട്ടറി | 11-09-2024 | 31-03-2025 |
| ശ്രീ. നസീർ എൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 31-03-2025 |
| ശ്രീ.ജോബി.കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| ശ്രീ .സജി മോഹൻദാസ് | വി.ഇ.ഒ.ഗ്രേഡ് 1 | 01-04-2024 | 31-05-2025 |
| ശ്രീ . സിബി മാത്യൂസ് | വി.ഇ.ഒ.ഗ്രേഡ് 1 | 12-09-2024 | 31-03-2025 |
| ശ്രീ.സരിൻ.ഒ.എസ് | വി.ഇ.ഒ.ഗ്രേഡ് 2 | 01-04-2024 | 31-03-2025 |
| ഡോ.കൃപ.കെ.മൂർത്തി | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. | 01-04-2024 | 25-10-2024 |
| ഡോ.ശ്രീജിത്ത്.എ ബി.കെ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. | 26-10-2024 | 31-03-2025 |
| ഡോ.ബിന്നി സാമുവേൽ | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |
| ശ്രീ.രാജുമോൻ.ജി | ഹെഡ്മാസ്റ്റർ , ഇളമ്പൽ യു.പി.എസ്. | 01-04-2024 | 18-06-2024 |

| | | | |
|---|---|---|---|
| ശ്രീമതി.സുമമോൾ.വി.എസ് | ഹെഡ്മിസ്ട്രസ്സ്, ഇളമ്പൽ യു.പി.എസ്. | 19-06-2024 | 23-06-2024 |
| ശ്രീമതി.ഷേർലി മാത്യു | ഹെഡ്മിസ്ട്രസ്സ്, ഇളമ്പൽ യു.പി.എസ്. | 24-06-2024 | 31-03-2025 |
| ശ്രീമതി.ജയകുമാരി.വി.ജി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 05-04-2024 | 31-03-2025 |
| ശ്രീ.ജയൻ പി.വി | കൃഷി ഓഫീസർ | 01-04-2024 | 01-05-2024 |
| ശ്രീമതി.ധന്യ എം. എസ്. | കൃഷി ഓഫീസർ | 02-05-2024 | 31-03-2025 |
| ശ്രീമതി.ധന്യ യു. | ഫിഷറീസ് ഓഫീസർ | 01-04-2024 | 31-03-2025 |
| ഡോ.രഞ്ജിത്ത് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2024 | 31-03-2025 |
| ശ്രീമതി. ശ്രീഷ്മ ജി. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |

# ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | വികസന ഫണ്ട് പൊതുവിഭാഗം -ചെലവ് സുലേഖ പത്രികയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-1 |
| 2 | ഓഡിറ്റ് സാക്ഷ്യപത്രം | 1 -1 |
| 3 | മെയിന്റനൻസ് ഗ്രാന്റ് റോഡ്-ചെലവ് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുമായി പൊരുത്തപ്പെടുത്തിയില്ല | 1-1-2 |
| 4 | മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് -ചെലവ് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുമായി പൊരുത്തപ്പെടുത്തിയില്ല | 1-1-3 |
| 5 | വായ്പാ രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല | 1-1-4 |
| 6 | അഡ്വാൻസ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-5 |
| 7 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-6 |
| 8 | ബജറ്റ് | 1-2 |
| 9 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 1 - 3 |
| 10 | ഫണ്ട് വിനിയോഗം | 1 - 4 |
| 11 | പദ്ധതി അവലോകനം | 1-5 |
| 12 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 13 | ഭവന പദ്ധതികൾ | 1-7 |
| 14 | ക്യാഷ് പരിശോധന | 1-8 |
| 15 | ആഭ്യന്തര നിയന്ത്രണം | 1-9 |

| | | |
|---|---|---|
| 16 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 17 | മിനറൽ ട്രാൻസിറ്റ് പാസ് -ചട്ട പ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ചില്ല. | 1-11 |
| 18 | ആംബുലൻസ് ഉപയോഗിക്കുന്നതിലും വാടക ഈടാക്കുന്നതിലും അപാകതകൾ | 1-12 |
| 19 | കടമുറികളുടെ വാടക കാലികമായി പുതുക്കി നിശ്ചയിക്കുന്നില്ല. | 1-13 |
| 20 | രസീതുകൾ ക്യാൻസൽ ചെയ്തതായി രേഖയില്ല | 1-14 |
| 21 | വേനൽക്കാല കുടിവെള്ളവിതരണം- നടപടികൾ സുതാര്യമല്ല | 1-15 |
| 22 | ഇലക്ട്രിഫിക്കേഷൻ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയില്ല- കാർഷിക വിപണനകേന്ദ്രത്തിന് പണിത കെട്ടിടം പൂട്ടിയ നിലയിൽ | 1-16 |
| 23 | ക്രിമറ്റോറിയം നിർമ്മാണം- സാധ്യതാ പഠനം നടത്താതെ കരാർ നൽകി- ഓഡിറ്റ് നിർദ്ദേശം അവഗണിച്ചു | 1-17 |
| 24 | ടേക്-എ-ബ്രേക്ക് - അനുയോജ്യമല്ലാത്ത സ്ഥലത്ത് പദ്ധതി നടപ്പാക്കുന്നു | 1-18 |
| 25 | എം.സി.എഫിന് പണിത കെട്ടിടം ഉപയോഗിക്കാതെ പൂട്ടിയ നിലയിൽ- പ്ലാസ്റ്റിക് മാലിന്യം സംഭരിക്കുന്നത് മാർക്കറ്റിൽ | 1-19 |
| 26 | തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം നടപ്പാക്കിയില്ല | 1-20 |
| 27 | പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പാക്കുന്നതിൽ ഗണ്യമായ കാലതാമസം- ഫൈൻ ഈടാക്കിയതിൽ കുറവ് | 1-21 |
| 28 | കരാർ ഏറ്റശേഷം പ്രവൃത്തി ഉപേക്ഷിച്ചു- സെക്യൂരിറ്റി നിക്ഷേപം തിരികെ ഈടാക്കിയില്ല | 1-22 |
| 29 | എഫ്.എച്ച്.സി.യിലേക്ക് മരുന്ന് വാങ്ങൽ-മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു | 1-23 |

| | | |
|---|---|---|
| 30 | ബഡ്സ് സ്കൂൾ, പകൽവീട് പ്രവർത്തിക്കുന്നില്ല. ഭിന്നശേഷി ഗ്രാമ സഭ കൂടിയിട്ടില്ല | 1 - 24 |
| 31 | കലങ്ങിവരമ്പിക്കൽ-പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് പൊളിച്ച് മാറ്റിയ റോഡുകൾ പൂർവ്വസ്ഥിതിയിൽ ആക്കിയില്ല | 1-25 |
| 32 | തരിശ് കൃഷി-ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം അനുവദിച്ചത് അടുത്ത ഗ്രാമസഭയിൽ അംഗീകരിച്ചില്ല | 1-26 |
| 33 | നിക്ഷേപ പ്രവൃത്തി പൂർത്തീകരിച്ചില്ല | 1-27 |
| 34 | ഹെൽത്ത് ഗ്രാന്റ് - അവലോകനം | 1-28 |
| | ഭാഗം 2 | |
| | *** No Records Found *** | |
| | ഭാഗം 3 | |
| | *** No Records Found *** | |
| | ഭാഗം 4 | |
| 1 | മെഡിസെപ്പ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന | 4-1 |
| 2 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4 - 2 |
| 3 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപ പ്രവൃത്തികൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-5 |
| 6 | വായ്പ/വായ്പാ തിരിച്ചടവ് | 4 - 6 |
| 7 | സ്ഥിര നിക്ഷേപം | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |

| | | |
|---|---|---|
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-9 |
| 10 | ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-12 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധ പട്ടികകൾ | |

# ഭാഗം -1

# പൊതു അവലോകനം

## 1.1.1 വികസന ഫണ്ട് പൊതുവിഭാഗം ചെലവ് സുലേഖാ പത്രികയുമായി പൊരുത്തപ്പെടുന്നില്ല

വികസന ഫണ്ട് പൊതുവിഭാഗം ഇനത്തിൽ ചെലവായി വാർഷിക കണക്കുകളിൽ സൂചിപ്പിച്ച
2,44,53,000 -രൂപ സുലേഖാ പത്രികയുമായി പൊരുത്തപ്പെടുന്നില്ല

## 1-1 ഓഡിറ്റ് സാക്ഷ്യപത്രം

1. വിളക്കുടി ഗ്രാമ പഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെ
സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2025 തീയതി പ്രകാരമ
ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനക
പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 19.07.
തീയതിയിലെ (III) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 21.07.2025 തീയതിയിൽ ഏജിസിലേ
സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും
വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 201
കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്,
ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ്, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ മാ
മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര-സംസ്ഥാന സർക്കാർ മ
നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ് ഏജൻസികൾ എന്നിവ കാലാകാലങ്ങ
പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടു
ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ
ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കു
അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് (
സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ച്
വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷ
ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉ
ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡ
മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുക
പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് (
സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുക
വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡി(
ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോ
നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെ
അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റ
വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെ
അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞ
ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

<u>വിശേഷണങ്ങളോടു കൂടിയ അഭിപ്രായം</u>

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അ
വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, വിളക
ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025
അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025 ലെ സാമ്പത
നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം-കൊല്ലം
തീയതി-17.11.2025

ഡെപ്യൂട്ടി ഡയറ
കേരള സംസ്ഥാന ഓഡിറ്റ് വ
ജില്ലാ ഓഡിറ്റ് കാര്യാലയം, കെ:

### 1-1-2 മെയിന്റനൻസ് ഗ്രാന്റ് റോഡ്-ചെലവ് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുമായി പൊരുത്തപ്പെടുത്തിയില്ല

മെയിന്റനൻസ് ഗ്രാന്റ് റോഡ് ഇനത്തിലുള്ള ചെലവ് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുമ പൊരുത്തപ്പെടുന്നില്ല. 21,83,340/-രൂപയുടെ വ്യത്യാസമുണ്ട്.

### 1-1-3 മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് -ചെലവ് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുമായി പൊരുത്തപ്പെടുത്തിയില്ല

മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്- ചെലവ് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുമ പൊരുത്തപ്പെടുന്നില്ല. 18,54,339/-രൂപയുടെ വ്യത്യാസം.

### 1-1-4 വായ്പാ രജിസ്റ്റർ കൃത്യമാക്കി പരിപാലിക്കുന്നില്ല

വായ്പ എടുത്തതിന്റെയും വായ്പ തിരിച്ചടവിന്റെയും കണക്കുകൾ വായ്പാ രജിസ്റ്റ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. വാർഷിക ധനകാര്യ പത്രികയിലെ ബി 5 ഷെഡ്യൂളുമ പൊരുത്തപ്പെടുത്തിയിട്ടില്ല. വായ്പാ രജിസ്റ്റർ വാർഷിക ധനകാര്യ പത്രികയിലെ ബി 5 ഷെഡ്യൂളുമ പൊരുത്തപ്പെടുത്തി പരിപാലിക്കേണ്ടതാണ്.

### 1-1-5 അഡ്വാൻസ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല

അഡ്വാൻസ് കൊടുത്തതിന്റെയും, പിന്നീട് ക്രമീകരിച്ചതിന്റെയും, തിരിച്ചടവിന്റെയും കണക്കു അഡ്വാൻസ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. നിർവ്വഹണ ഏജൻസികൾക്ക് കൊടു ഡെപ്പോസിറ്റ് തുകയിൽ ക്രമീകരിക്കാൻ അവശേഷിക്കുന്നവ ഉൾപ്പെടെയുള്ള വിവരങ്ങ രേഖപ്പെടുത്തി അഡ്വാൻസ് രജിസ്റ്റർ കാലികമാക്കി വാർഷിക ധനകാര്യ പത്രികയിലെ ബി

ക്യാഷ്ബുക്കുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. ക്രമീകരിക്കാൻ അവശേഷിക്കുന്ന ബാങ്ക് പ്രവൃത്തികളുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല

## 1-1-6 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

മുൻവർഷങ്ങളിലുൾപ്പെടെ സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

## 1-2 ബജറ്റ്

2024-25 വർഷത്തെ ബജറ്റ് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 13.02.2024-ലെ 1(1)-ാം നമ്പർ തീരു പ്രകാരം അംഗീകരിച്ചു. 24.02.2025 ലെ 3(2) നമ്പർ തീരുമാന പ്രകാരം പരിഷ്കരിച്ച ബജ അംഗീകരിച്ചിട്ടുണ്ട്

## 1 - 3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 4,95,59,422.00 രൂപ |
| വരവ് | 7,44,74,855.00 രൂപ |
| ആകെ | 12,40,34,277.00 രൂപ |
| ചെലവ് | 6,82,82,309.00 രൂപ |
| നീക്കിയിരിപ്പ് | 5,57,51,968.00 രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 19,74,230/- രൂപ |

വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിലെ ട്ര- അക്കൗണ്ടിലെ വരവ് - ചെലവുകൾ, റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ ഉള്ളതാതിന സാമ്പത്തിക വിശകലനത്തിലും ഉൾപ്പെടുത്തുന്നില്ല

## 1 - 4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | സി.ബി/ ബാക്കിയായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 20794809 | 20794809 | 20794809 | |
| വികസന ഫണ്ട്-എസ് സി പി | 0 | 8269513 | 8269513 | 8049240 | 2202 |
| വികസന ഫണ്ട്-ടി എസ് പി | 0 | 0 | 0 | 0 | |
| മെയിന്റനൻസ്, റോഡ് | 0 | 24516000 | 24516000 | 18908340 | 56076 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 9684000 | 9684000 | 8228805 | 14553 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Basic-Bank) | 2395734 | 4122505 | 6518239 | 3611476 | 29067 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied-Treasury) (ACR പ്രകാരം) | 00 | 4347382 | 4347382 | 1697488 | 26498 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied-Bank) (ACR പ്രകാരം) | 7369597 | 9789770 | 17159367 | 4270330 | 128890 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | |
| എസ് എസ് എ | 9144 | 366 | 9510 | 00 | 95 |
| സാക്ഷരത | 104613 | 2952 | 107565 | 00 | 1075 |
| ജനകീയ പാർപ്പിട പദ്ധതി | 1,70,553 | 2153 | 172706 | 00 | 1727 |
| ചെക്ക് ഡാം നിർമ്മാണം | 2,20,000 | 00 | 2,20,000 | 00 | 2,20,0 |
| [illegible] | 7,87,155 | 00 | 7,87,155 | 00 | 7,87,1 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| എം ജി എൻ ആർ ഇ ജി എസ് | 00 | 1743107 | 1743107 | 1651109 | 9199 |

| | | | | | |
|---|---|---|---|---|---|
| TSC | 12,40,506 | 35018 | 1275524 | 15,600 | ***12,61,9 |
| | 24,000 | 00 | 24,000 | 00 | 24,0 |
| ICDS | 18,53,584 | 33,23,151 | 51,76,735 | 21,86,694 | 29,90,0 |
| ഹെൽത്ത് ഗ്രാന്റ്-ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ | 8,64725 | 4,63,822 | 13,28,547 | 6,10,964 | 7,17,5 |
| ഹെൽത്ത് ഗ്രാന്റ്-സബ് സെന്റർ | 2,88,012 | 7,00,561 | 9,88,573 | 190861 | 7,97,7 |
| Other Liabilities | 5507 | 1700 | 7207 | 00 | 72 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (രൂപ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (രൂപ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളു ശതമാനം |
|---|---|---|---|---|---|---|
| 271 | 30,67,00,876/- | 200 | 88,23,1031/- | 0 | 71 | 74% |

പൂർത്തിയാകാത്ത ഉദ്ഘാടിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| സാധനച്ചെലവുകൾ | 24,72,711/- | 21,96,971/- | 46,69,682/- | 16,46,376/- | 30,23,306/- |
| തൊഴിലാളികളുടെ വേതനം | | 7,24,95,784/- | 7,24,95,784/- | 7,24,95,784/- | |

## 1-7 കേന്ദ്ര പദ്ധതികൾ

തൽവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ത കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ |
|---|---|
| കർഷകതൊഴിലാളി പെൻഷൻ | 43,70,400/- |
| വിധവാ പെൻഷൻ | 2,30,76,500/- |
| വാർദ്ധക്യകാല പെൻഷൻ | 4,39,72,700/- |
| വികലാംഗ പെൻഷൻ | 65,80,900/- |
| 50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 5,93,400/- |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 1,20,000/- |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോ 10.10.2025, 3.30 PM ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4,000/- നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഉദ്യോഗസ്ഥരും ഭരണസമിതിയുമായി ഏകോപനം ഇല്ലാത്തത് പഞ്ചായത്തിന്റെ പ്രവർത്തനം പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. യാതൊരു പഠനവും നടത്താതെയാണ് വിവിധ മേഖലക ആസ്തികൾ സൃഷ്ടിക്കാനായി പ്രവൃത്തികൾ ഏറ്റെടുക്കുന്നത്. അനുയോജ്യമല്ലാത്ത സ്ഥലങ്ങൾ ത ടേക്ക്-എ-ബ്രേക്കിനും ക്രിമറ്റോറിയത്തിനുമായി കണ്ടെത്തിയത്.

തനത് ഫണ്ടിൽ നിന്ന് വേനൽക്കാല കുടിവെള്ളവിതരണത്തിന് ഫണ്ട് വിനിയോഗിച്ചതിൽ സുതാ ഉറപ്പാക്കിയില്ല. തെരുവുവിളക്കുകളുടെ മീറ്ററിംഗ് നടപ്പാക്കിയിട്ടില്ല. മീറ്റർ സ്ഥാപിക്കാത്തതിന തനത് ഫണ്ടിൽ നിന്നും ഭീമമായ നഷ്ടം ഉണ്ടാകുന്നുണ്ട്.

വസ്തുനികുതി, തൊഴിൽനികുതി എന്നിവയുടെ ഡിമാന്റ് കൃത്യമായി കണക്കാക്കിയിട്ടില്ല. വാർഷിക ഡി.സി.ബി കൃത്യമല്ല. കടമുറികൾ പുനർലേലം ചെയ്യാതെ വാടകക്കാലയളവ് ദീർഘിപ്പിച്ചു നൽകുകയാണ് ചെയ്ത് വരുന്നത്.

കുടുംബാരോഗ്യ കേന്ദ്രത്തിലെ ആംബുലൻസ് പൊതുജനങ്ങൾക്ക് വാടകയ്ക്ക് നൽകുന്നതിന്റെ വരവ് കണക്കുകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല. നിലവിൽ ഡ്രൈവറെ നിയമിച്ചിട്ടില്ലാത്തതിനാൽ ആംബുലൻസ് ഉപയോഗിക്കാതെ കിടക്കുന്ന സ്ഥിതിയാണ്. ആരോഗ്യ വകുപ്പിൽ നിന്നും ഡ്രൈവറുടെ സേവനം ലഭ്യമാക്കുന്നതിന് നടപടി ആരംഭിച്ചെങ്കിലും ഫലം കണ്ടില്ല.

പഞ്ചായത്തിൽ എം.സി.എഫിനായി പണിത കെട്ടിടം പ്രസ്തുത ആവശ്യത്തിന് ഉപയോഗിക്കുന്നില്ല. പ്ലാസ്റ്റിക് മാലിന്യങ്ങൾ തരംതിരിക്കുന്നത് മാർക്കറ്റിനുള്ളിൽ തുറസ്സായ സ്ഥലത്താണ്. പണിത കെട്ടിടത്തിന് ആവശ്യമായ സ്ഥലസൗകര്യം ഇല്ല. സൗകര്യമുള്ള രീതിയിൽ എം.സി.എഫ് സ്ഥാപിക്കുന്നതിന് സ്ഥലം ഇതുവരെ കണ്ടെത്തിയിട്ടില്ല. ഏറ്റെടുത്ത ഭൂരിഭാഗം പൊതുമരാമത്ത് പ്രവൃത്തികളും വലിയ കാലതാമസം വരുത്തിയാണ് പൂർത്തീകരിച്ചിട്ടുള്ളത്. വർക്കിംഗ് ഗ്രൂപ്പുകളുടെ ഭാഗത്ത് നിന്നും ആവശ്യമായ മോണിട്ടറിംഗ് ഉണ്ടായിട്ടില്ല.

പൊതുമരാമത്ത് പ്രവൃത്തികളുടെ സെക്യൂരിറ്റി നിക്ഷേപ രജിസ്റ്റർ ക്രമപ്രകാരം സൂക്ഷിച്ചിട്ടില്ല. എസ്റ്റിമേറ്റ് രജിസ്റ്ററിൽതന്നെ സെക്യൂരിറ്റി നിക്ഷേപത്തിന്റെ വിവരം രേഖപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. റീഫണ്ട് ചെയ്യാൻ അവശേഷിക്കുന്ന നിക്ഷേപങ്ങളുടെ വിവരം കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. വിവിധ നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ ആയി തുക നിക്ഷേപം മുൻവർഷങ്ങളിൽ അനുവദിച്ച പ്രവൃത്തികളിൽ പൂർത്തീകരിക്കാത്തവയുടെ വിവരം നിരീക്ഷിക്കുന്നില്ല. അഡ്വാൻസ് രജിസ്റ്ററിൽ ടി കണക്കുകൾ കൃത്യമാക്കിയിട്ടില്ല. ആസ്തി രജിസ്റ്റർ കണക്കുകൾ കൃത്യമാക്കിയിട്ടില്ല. വായ്പയുടെയും തിരിച്ചടവിന്റെയും കണക്കുകൾ കൃത്യമല്ല.

രേഖകളുടെ സൂക്ഷിപ്പ്, തനത് ഫണ്ടിന്റെ വിനിയോഗം, വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ വർക്കിംഗ് ഗ്രൂപ്പുകളുടെയും പ്രവർത്തനം തുടങ്ങിയ ഘടകങ്ങൾ വിലയിരുത്തിയാൽ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം തൃപ്തികരമല്ല എന്ന് കണ്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13/05/2022, 17/05/2022 | 10/21 മുതൽ 3/22 വരെ | 17-05-2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 9/2016 | 2012-13 മുതൽ<br>2015-16 വരെ | 28-03-2017 |

## 1-11 മിനറൽ ട്രാൻസിറ്റ് പാസ് - ചട്ട പ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ചില്ല.

കേരള മൈനർ മിനറൽ കൺസഷൻ ഭേദഗതി ചട്ടങ്ങൾ 2023 (31/03/2023 ലെ സ.ഉ.(അച്ചടി) നം.38/ ഐ.ഡി(എ)) പ്രകാരമുള്ള ഭേദഗതി) ചട്ടം 14 (4) പ്രകാരം 278.7 $M^2$ (3000 ച. അടി) താഴെ ... വിസ്തീർണ്ണമുള്ള കെട്ടിടനിർമ്മാണത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നും പെർ... ലഭിച്ച വ്യക്തിക്ക് നിർമ്മാണത്തിന്റെ ഭാഗമായി സൈറ്റിൽ നിന്നും മണ്ണ് നീക്കം ചെയ്യേ... സാഹചര്യത്തിൽ നീക്കം ചെയ്യുവാൻ അനുമതി നൽകിയ മണ്ണിന്റെ അളവ് പ്രകാരമുള്ള റോയ... പെർമിറ്റ് ഉടമ ട്രഷറിയിൽ ഒടുക്ക് വരുത്തി ചെലാൻ ഹാജരാക്കുന്ന മുറയ്ക്ക് Form 5 ലെ മൂവ്മെ... പെർമിറ്റും, Form O(A) ലെ മിനറൽ ട്രാൻസിറ്റ് പാസ്സും അനുവദിക്കുന്നതിനുള്ള അധിക... തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. ഇപ്രകാരം മിനറൽ ട്രാൻസിറ്റ് പ... ലഭിച്ച ഉടമ മിനറൽ ട്രാൻസിറ്റ് പെർമിറ്റ് ലഭിച്ച് ഒരു വർഷത്തിനുള്ളിൽ നിർമ്മിക്കാൻ ഉദ്ദേശിക്ക... കെട്ടിടത്തിന്റെ ബേസ്മെന്റ് നിർമ്മിച്ചിട്ടില്ലെങ്കിൽ കേരള മൈനർ മിനറൽ കൺസഷൻ ചട്ടം 14(7) പ്രക... റോയൽറ്റി ഫീസിന്റെ അഞ്ചിരട്ടി പിഴയായി ഒടുക്കണം. കൂടാതെ അനുവദിച്ചതിനേക്കാൾ കൂടു... മണ്ണ് എടുത്താൽ കേരള മൈനർ മിനറൽ കൺസഷൻ ചട്ടം 14(8) പ്രകാരം അധികമായി എടുക്കുന്ന മ... റോയൽറ്റി ഫീസിന്റെ അഞ്ചിരട്ടി പിഴയായി പെർമിറ്റ് ഉടമ ഒടുക്കണം. ചട്ടം 14(7), ചട്ടം 14(8) എന്ന... പ്രകാരമുള്ള പിഴ മൂവ്മെന്റ് പെർമിറ്റ് അനുവദിക്കാൻ ക്ഷമതയുള്ള അധികാരി പുറപ്പെടുവിക്ക... വിലാസിന് അനുസൃതമായാണ് ഒടുക്കേണ്ടത് എന്ന് Form(I) യിൽ 5, 6 -ാം നമ്പറായി വ്യവ... ചെയ്തിട്ടുണ്ട്

കേരള മൈനർ മിനറൽ കൺസഷൻ ചട്ടം 2(lii), 14(2) എന്നിവ പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുള്ള അധികാരിയായി നൽകിയ മൂവ്മെന്റ് പെർമിറ്റ് ലംഘിക്കുന്ന സന്ദർഭങ്ങളിൽ ചട്ടം ചട്ടം14(8) പ്രകാരമുള്ള പിഴ ഈടാക്കിയ വിവരം. 14(10)പ്രകാരമുള്ള രജിസ്റ്ററിൽ സൂക്ഷിക്കേണ്ടതും. - ഈടാക്കാത്ത പക്ഷം പെർമിറ്റ് ഹോൾഡർക്കെതിരെ ചട്ടം14(9) ചട്ടം 112 എന്നിവ പ്രകാരം റവ റിക്കവറി നടപടി സ്വീകരിച്ചതിന്റെ വിവരം Form(U) ൽ സെക്രട്ടറി ജില്ലാ ജിയോളജിസ്റ്റിനെ അറിയിക്കേണ്ടതുമാണ്. മിനറൽ ട്രാൻസിറ്റ് പെർമിറ്റ് ലഭിച്ച ചുവടെ പറയുന്നവർ ബേസ്മെന്റ് നിർമ്മാണം ആരംഭിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഉടമ / കെട്ടിടനിർമ്മാണ പെർമിറ്റ് വിശദാംശം | മണ്ണിന്റെ അളവ് | Form 5 ലെ മൂവ്മെന്റ് പെർമിറ്റ് വിശദാംശം | റോയൽറ്റി തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | ശ്രീ. സലീം കുട്ടി പാറവിള വീട്, ആവണീശ്വരം Survey No 396/2-A (2 ആർ 83 സ്ക്വ മീ) | 1277.62 ടൺ | 30 Pass 06.06.23 To 09.06.23 | 50,724/- | മണ്ണ് നീക്കം ചെയ്ത് ബേസ്മെന്റ് നിർമ്മാണം ആരംഭിച്ചതിന്റെ വിവരം ലഭ്യമല്ല |
| 2 | ശ്രീ. ജയിംസ് ജോർജ് നിലയ്ക്കൽ കിഴക്കതിൽ, മരങ്ങാട് Survey No 377/1-A 4 ആർ 15 സ്ക്വ മീ) | 1619.86 ടൺ | 161 Pass 25.09.23 Tp 17.10.23 | 64,795/- | മണ്ണ് നീക്കം ചെയ്ത് ബേസ്മെന്റ് നിർമ്മാണം ആരംഭിച്ചതിന്റെ വിവരം ലഭ്യമല്ല |
| 3 | ശ്രീ. എബിൻ ബേബി എബിബി ഭവൻ, കുന്നിക്കോട് | 1470.26 ടൺ | 147 Pass 18.1.2024 To 23.01.24 | 58,810/- | മണ്ണ് നീക്കം ചെയ്ത് ബേസ്മെന്റ് നിർമ്മാണം |

| | | | | | |
|---|---|---|---|---|---|
| | Survey No :247/9/2-6<br>(1 ആർ 21 സ്ക്വ.മീ.) | | | | ആരംഭിച്ചതിന്റെ<br>വിവരം ലഭ്യമല്ല |
| 4 | ശ്രീ. ബെഹനാൻ പി.<br>തെക്കേക്കര ചരുവിള<br>വീട്<br>ഇളമ്പൽ<br>Survey No :247/9/2-6<br>(6 ആർ 7 സ്ക്വ.മീ.) | 1560 മെട്രി | 97 Pass<br>24.11.23 To 29.11.23 | 62,400/- | മണ്ണ് നീക്കം ചെയ്ത്<br>ബേസ്മെന്റ്<br>നിർമ്മാണം<br>ആരംഭിച്ചതിന്റെ<br>വിവരം ലഭ്യമല്ല |
| 5 | ശ്രീ. നൂർ മുഹമ്മദ്<br>കല്ലുംപുറത്ത്<br>പടിഞ്ഞാറ്റതിൽ<br>വിളക്കുടി<br>Survey No : 83/10-A-1,<br>83/10-B-1, 83/12B-2-A-1<br>(10 ആർ 93 സ്ക്വ.മീ.) | 145.44 മെട്രി | 14<br>25.02.25 | 5,800/- | മണ്ണ് നീക്കം ചെയ്ത്<br>ബേസ്മെന്റ്<br>നിർമ്മാണം<br>ആരംഭിച്ചതിന്റെ<br>വിവരം ലഭ്യമല്ല |
| 6 | ശ്രീ. ബിജു മോൻ<br>തുണ്ടുവിള പുത്തൻ വീട്,<br>ആവണീശ്വരം<br>Survey No :76/3-1-1-A<br>( 5ആർ 26 സ്ക്വ.മീ.) | 413.24 മെട്രി | 41<br>13.02.24 To 14.02.24 | 16,530/- | മണ്ണ് നീക്കം ചെയ്ത്<br>ബേസ്മെന്റ്<br>നിർമ്മാണം<br>ആരംഭിച്ചതിന്റെ<br>വിവരം ലഭ്യമല്ല |
| 7 | ശ്രീ. ബേബി ഫിലിപ്പ്<br>തെങ്ങും തറയിൽ,<br>കുന്നിക്കോട്<br>Survey No :216/6-13<br>(3ആർ 44 സ്ക്വ.മീ.) | 1160 മെട്രി | 72<br>02.04.24 To 05.04.24 | 46,400/- | മണ്ണ് നീക്കം ചെയ്ത്<br>ബേസ്മെന്റ്<br>നിർമ്മാണം<br>ആരംഭിച്ചതിന്റെ<br>വിവരം ലഭ്യമല്ല |

| | | | | | |
|---|---|---|---|---|---|
| 8 | ശ്രീ. ഷെരീഫ് കുട്ടി<br>റഷീദാ മൻസിൽ,<br>കുന്നിക്കോട്<br>Survey No :399/9-2A<br>(9ആർ 19 സ്ക്വ.മീ.) | 534.64മീ3<br><br>256 മീ3 | 36<br>5.6.24 To7.6.24<br><br>16<br>11.9.24 To 12.09.24 | 23,440/-<br><br>10,240/- | മണ്ണ് നീക്കം ചെയ്ത് ബെയ്സ്മെന്റ് നിർമ്മാണം ആരംഭിച്ചതിന്റെ വിവരം ലഭ്യമല്ല |
| 9 | ശ്രീ. ഹാഷിമുദ്ദീൻ<br>ഷെമീർ മൻസിൽ, കാര്യറ<br>Survey No :163/2A/30/1<br>163/2A/30/1-1<br>(3ആർ 23 സ്ക്വ.മീ.) | 1145.14 മീ3 | 71 Pass<br>6.5.24 To 08.5.24 | 45,840/- | മണ്ണ് നീക്കം ചെയ്ത് ബെയ്സ്മെന്റ് നിർമ്മാണം ആരംഭിച്ചതിന്റെ വിവരം ലഭ്യമല്ല |
| 10 | ശ്രീ. നജീ മോൻ<br>നെടിപ്പുറകുന്നിൽ,<br>കാര്യറ<br>Survey No :163/14/B-1<br>(6ആർ 88 സ്ക്വ.മീ.) | 1068 മീ3 | 66 Pass<br>7.10.24 To 10.10.24 | 42,760/- | മണ്ണ് നീക്കം ചെയ്ത് ബെയ്സ്മെന്റ് നിർമ്മാണം ആരംഭിച്ചതിന്റെ വിവരം ലഭ്യമല്ല |
| 11 | ശ്രീ. അയ്യൂബ് ഷരീഫ്<br>ആഞ്ഞിലിവിള വീട്,<br>കാര്യറ<br>Survey No :156/1/34/122-A<br>156/1/34/122/B<br>(16ആർ 79 സ്ക്വ.മീ.) | 1524 മീ3 | 95 Pass<br>18.6.24 To 22.6.24 | 60,980 | മണ്ണ് നീക്കം ചെയ്ത് ബെയ്സ്മെന്റ് നിർമ്മാണം ആരംഭിച്ചതിന്റെ വിവരം ലഭ്യമല്ല |
| 12 | ശ്രീ. രാജ് കുമാർ സി.<br>രാജ് ഭവനം, കാര്യറ<br>Survey No : 156/1/34/A/96<br>(8ആർ 09 സ്ക്വ.മീ.) | 531.44 മീ3 | 33 Pass<br>10.6.24 To 11.06 .24 | 21,260/- | മണ്ണ് നീക്കം ചെയ്ത് ബെയ്സ്മെന്റ് നിർമ്മാണം ആരംഭിച്ചതിന്റെ വിവരം ലഭ്യമല്ല |

| | | | | | |
|---|---|---|---|---|---|
| 13 | ശ്രീ. മൊയ്തുട്ടിൻ പാറവിള വീട്, കാര്യറ Survey No :179/1-16-19-11 179/1-16-19-1 4ആർ 45സ്ക്വ.മീ) | 668 ടൺ | 66 Pass 7.9.24 To 11.9.24 | 26,724/- | മണ്ണ് നീക്കം ചെയ്ത് ബേസ്മെന്റ് നിർമ്മാണം ആരംഭിച്ചതിന്റെ വിവരം ലഭ്യമല്ല |
| 14 | ശ്രീ. അലിയാക്കുട്ടിൻ കുളക്കോട് വീട്, കാര്യറ Survey No :182/13/ 2ആർ 0.2സ്ക്വ.മീ) | 258 ടൺ | 25 Pass 14.08.24 To 16.8.24 | 10,341/- | മണ്ണ് നീക്കം ചെയ്ത് ബേസ് മെന്റ് നിർമ്മാണം ആരംഭിച്ചതിന്റെ വിവരം ലഭ്യമല്ല |
| 15 | ശ്രീമതി ഏലിയാമ്മ പൊന്നുൻ പൊൻമ്പ് നിവാസ്, ഉള്ളൂർ Survey No :247/1-6-2-2-10 | 1150.05 ടൺ | 71 Pass 27.1.25 To 1.2.25 | 46,080/- | മണ്ണ് നീക്കം ചെയ്ത് ബേസ് മെന്റ് നിർമ്മാണം ആരംഭിച്ചതിന്റെ വിവരം ലഭ്യമല്ല |
| 16 | ശ്രീ. ബിജോയി വിനോദ് ഭവൻ, കാര്യറ Survey No :156/1/34/1/22/3 2ആർ 02സ്ക്വ.മീ) | 1239 ടൺ | 77 Pass 13.11.24 To 16.11.24 | 49,600/- | മണ്ണ് നീക്കം ചെയ്ത് ബേസ് മെന്റ് നിർമ്മാണം ആരംഭിച്ചതിന്റെ വിവരം ലഭ്യമല്ല |
| 17 | ശ്രീമതി സഫിയാ ബീവി സഫിയാ മൻസിൽ, കുന്നിക്കോട് Survey No :45/14 A-3 4 ആർ 046 സ്ക്വ.മീ) | 374 ടൺ | 37 Pass 05.2.25 To 7.2.25 | 15,100/- | മണ്ണ് നീക്കം ചെയ്ത് ബേസ് മെന്റ് നിർമ്മാണം ആരംഭിച്ചതിന്റെ വിവരം ലഭ്യമല്ല |

| | | | | | |
|---|---|---|---|---|---|
| 18 | ശ്രീമതി ശാന്ത<br>രാജി ഭവനം,<br>കുന്നിക്കോട്<br>Survey No :5-1/1-30-40<br>9ആർ 31സ്ക്വ.മീ) | 109.18 മെ.ടൺ | 11 Pass<br>21.2.25 To 22.2.25 | 4,368/- | മണ്ണ് നീക്കം ചെയ്ത്<br>ബേസ് മെന്റ്<br>നിർമ്മാണം<br>ആരംഭിച്ചതിന്റെ<br>വിവരം ലഭ്യമല്ല |
| 19 | ശ്രീ. രാധാകൃഷ്ണൻ<br>കാരത്തിപ്പറമ്പിൽ വീട്,<br>കാര്യറ<br>Survey No :197/1-28-8<br>5ആർ 26സ്ക്വ.മീ) | 630 മെ.ടൺ | 63 Pass<br>10.09.24 To 13.09.24 | 25,280/- | മണ്ണ് നീക്കം ചെയ്ത്<br>ബേസ് മെന്റ്<br>നിർമ്മാണം<br>ആരംഭിച്ചതിന്റെ<br>വിവരം ലഭ്യമല്ല |
| 20 | ശ്രീ. സഫീ<br>തിരുവാതിര,<br>ചക്കുവരയ്ക്കൽ<br>Survey No :5-357/1-8/10<br>357/1-8/9<br>26 ആർ 32 സ്ക്വ.മീ) | 3000 മെ.ടൺ | 187 Pass<br>29.07.24 To 08.08.24 | 1,20,160/- | മണ്ണ് നീക്കം ചെയ്ത്<br>ബേസ് മെന്റ്<br>നിർമ്മാണം<br>ആരംഭിച്ചതിന്റെ<br>വിവരം ലഭ്യമല്ല |
| 21 | ശ്രീ. മത്തായി കുട്ടി<br>റിജു ഭവനം, പുനലൂർ<br>Survey No :5-247/1-8-30<br>4 ആർ 65സ്ക്വ.മീ) | 253 മെ.ടൺ | 50 Pass<br>14.03.25 To 17.3.25 | 10,080/- | മണ്ണ് നീക്കം ചെയ്ത്<br>ബേസ് മെന്റ്<br>നിർമ്മാണം<br>ആരംഭിച്ചതിന്റെ<br>വിവരം ലഭ്യമല്ല |

മേൽ അപേക്ഷകരുടെ കെട്ടിട നിർമ്മാണം ആരംഭിച്ചതിന്റെ വിശദാംശം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 23/16.10.25

## 1-12 ആംബുലൻസ് ഉപയോഗിക്കുന്നതിലും വാടക ഈടാക്കുന്നതിലും അപാകതകൾ

വിളക്കുടി എഫ്.എച്ച്.സി യുടെ അധീനതയിലുള്ള കെ.എൽ.02 ബി.ക്യു.4689 എന്ന ആംബുലൻസ് ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ 23.11.2021 തീയതിയിലെ സ.ഉ (സാധാ) നം 2814-2021/ആ.കു.ക്ഷ.വ ഉത്തരവ് പ്രകാരം ഡ്രൈവറുടെ ശമ്പളം, ഫിറ്റ്നസ്സ് സർട്ടിഫിക്കേഷൻ, ഇൻഷുറൻസ്, ഫ്യൂവൽ ചാർജ്, മെയിന്റനൻസ് എന്നിവ വിളക്കുടി ഗ്രാമപഞ്ചായത്ത് വഹിക്കണമെന്ന വ്യവസ്ഥയിൽ കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസറുടെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ വാഹനത്തിന്റെ പരിപാലനത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. 2024-25 സാമ്പത്തിക വർഷം ആംബുലൻസ് വരവ് 1,02,929/-രൂപയും, ചെലവ് 4,37,307/-രൂപയുമാണ്. വരവിനത്തിലെ തുകകൾ പിരിച്ചെടുക്കുന്ന രസീതുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ട്. ആംബുലൻസിന്റെ വാടക എത്ര നിരക്കിലാണ് ഈടാക്കേണ്ടത് എന്നതിനെക്കുറിച്ച് വ്യക്തമായ നിബന്ധനകൾ ഉൾപ്പെടുത്തി ബൈലോ ഹാജരാക്കിയിട്ടില്ല. ചില മാസങ്ങളിൽ ഗ്രാമപഞ്ചായത്തിൽ ഒന്നിച്ച് തുക അടവാക്കുകയാണ് ചെയ്തിട്ടുള്ളത്. വരവ് തുക അടവാക്കിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | തുക ഒടുക്ക് വരുത്തിയ തീയതി | രസീത് നം. | അടവാക്കിയ തുക | റിമാർക്സ് |
|---|---|---|---|---|
| 1 | 01.06.24 | 1240100728 | 6,478/- | ലോഗ് ബുക്ക് പ്രകാരം 30.04.24, 01.05.24, 04.05.24, 16.05.24 എന്നീ ദിവസങ്ങളിലെ തുകകൾ |
| 2 | 01.07.24 | 1240101040 | 3,152/- | 15.06.24 ലെ തുക |
| 3 | 05.08.24 | 1240101331 | 9,422/- | 10.07.24, 16.07.24, 22.07.24, 05.08.24 എന്നീ ദിവസങ്ങളിലെ തുകകൾ |
| 4 | 01.10.24 | 1240101830 | 13,286/- | 20.08.24, 04.09.24, 17.09.24, 18.09.24, 25.09.24 എന്നീ ദിവസങ്ങളിലെ തുകകൾ |

| | | | | |
|---|---|---|---|---|
| 5 | 04.11.24 | 1240102142 | 15,734/- | 10.10.24, 15.10.24, 16.10.24, 22.10.24, 24.10.24, 26.10.24, 30.10.24 എന്നീ ദിവസങ്ങളിലെ തുകകൾ |
| 6 | 03.12.24 | 1240103468 | 20,167/- | 09.11.24, 16.11.24, 19.11.24, 23.11.24, 26.11.24, 27.11.24, 27.11.24, 30.11.24 എന്നീ ദിവസങ്ങളിലെ തുകകൾ |
| 7 | 01.02.25 | 12401044409 | 23,435/- | 16.12.24, 20.12.24, 02.01.25, 07.01.25, 16.01.25,17.01.25, 18.01.25, 20.01.25, 21.01.25, 28.01.25എന്നീ ദിവസങ്ങളിലെ തുകകൾ |
| 8 | 27.02.25 | 1240105220 | 11,255/- | 4.2.25, 10.02.25, 12.02.25, 13.02.25, 17.02.25, 25.02.25 എന്നീ ദിവസങ്ങളിലെ തുകകൾ |
| | | ആകെ | 1,02,929/- രൂപ | |

2. മേൽ വരവുകളുടെ കൃത്യത ആരും പരിശോധിച്ച് ഉറപ്പു വരുത്തിയിട്ടില്ല. ആംബുലൻസിന്റെ വ പരിശോധിക്കുന്നതിന് ഉദ്യോഗസ്ഥർക്ക് ജോലി വിഭജനം നടത്തിയിട്ടുള്ളതിന്റെ രേഖ ലഭ്യമാക്കിയിട്ടില്ല.

3. ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ള തുക പൂർണ്ണമായും അടവാക്കുന്നില്ല. ഉദാഹരണത്തിന് ലോ ബുക്കിൽ 20.08.24 ൽ 161 കി.മീ. ഓടിയതിന്റെ വാടക 3,067/-രൂപ എന്ന് രേഖപ്പെടുത്തിയതിന് ശേഷം 3 രൂപ Paid എന്ന് രേഖപ്പെടുത്തി. 22.10.24 ൽ 18 കിമിന് 636/- രൂപ എന്ന് രേഖപ്പെടുത്തിയ ശേഷം 500/-ര Paid എന്ന് കാണിച്ചിരിക്കുന്നു. 24.10.24 ൽ 140 കിമിന് 2,710/- രൂപ എന്ന് രേഖപ്പെടുത്തിയ ശേഷം 2 രൂപ Paid എന്ന് കാണിച്ചിരിക്കുന്നു.

4. പഞ്ചായത്തിലെ താമസക്കാർക്കായിട്ടുള്ള വിവിധ ആശുപത്രി രോഗപരിചരണ/ആക്സിഡ ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നതെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും ഇത് സംബന്ധിച്ച വ്യവ നിരക്ക് എന്നിവയുടെ വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല. ഒരേ ദൂരത്തിലെ സഞ്ചാരത്തിന് ഭ വിവിധ നിരക്കുകൾ ഈടാക്കിയിട്ടുണ്ട്. സൗജന്യമായി ഉപയോഗത്തിന് നൽകുന്നതിന്റെ മാനദ വ്യക്തമല്ല. പ്രസ്തുത യാത്രകൾ ഗ്രാമപഞ്ചായത്ത് കമ്മറ്റിയിൽ അംഗീകരിച്ചതിന്റെ വിശ ലഭ്യമാക്കിയിട്ടില്ല.

5. യാത്രയുടെ എല്ലാ വിവരവും ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. ആർക്കുവേണ്ടിയാണ് പോ എന്നതിന്റെയും, ഏത് ഉപയോഗത്തിന് ആണ് പോയത് എന്നതിന്റെയും വിശദമായ വിവര ലോഗ് ബുക്കിൽ ലഭ്യമല്ല. ബുക്കിലെ രേഖപ്പെടുത്തലുകൾക്ക് മെഡിക്കൽ ഓഫീ പ്പുവയ്ക്കുന്നുണ്ടെങ്കിലും മാസാന്ത്യത്തിൽ ഫ്യൂവൽ കൺസംപ്ഷൻ വിവരങ്ങൾ, മീറ്റർ റീഡ എന്നിവ പരിശോധിച്ച് രേഖപ്പെടുത്തി ക്ലോസിങ് നടത്തുന്നില്ല.

6. 2024 ഏപ്രിൽ മാസം മുതൽ 2025 ഫെബ്രുവരി മാസം വരെ 177 ട്രിപ്പുകളാണ് ഓടിയിട്ടുള്ളത്. ആയ 48 ട്രിപ്പിന്റെ വാടക ഒടുക്കു വരുത്തിയിട്ടുണ്ട്. 32 പേരുടെ ട്രിപ്പുകൾ സൌജന്യം അനുവദിക്കണമെ വിവിധ വാർഡ് മെമ്പർമാരുടെ കത്തുകൾ ലഭ്യമാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന 97 ട്രിപ്പു ഏത് പ്രകാരമുള്ളതാണെന്ന് ഉറപ്പാക്കുന്നതിനുള്ള രേഖകൾ ലഭ്യമാക്കിയില്ല. 2025 മാർച്ച് മാസം മു ആംബുലൻസ് ഉപയോഗിച്ചിട്ടില്ല.

സുതാര്യമല്ലാത്ത രീതിയിൽ ആംബുലൻസ് ഉപയോഗിച്ചതിന് വിശദീകരണം ലഭ്യമാക്കാനാവശ്യ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആംബുലൻസ് വാടക ഈടാക്കു സംബന്ധിച്ച് പ്രത്യേക വ്യവസ്ഥകളും നിരക്കുകളും ഗ്രാമപഞ്ചായത്ത് നിശ്ചയിച്ച് നൽകിയിട്ടില്ലെ എച്ച്.എം.സി. യുടെ 11.03.22- ലെ കമ്മറ്റി തീരുമാന പ്രകാരം ആദ്യത്തെ 10 കിലോമീറ്ററിന് 500/- ര നിരക്കിലും തുടർന്നുള്ള കിലോമീറ്ററിന് 17/- രൂപ നിരക്കിലുമാണ് ഈടാക്കി വരുന്നതെ വാഹനത്തിന്റെ ലോഗ് ബുക്കും രസീത് ബുക്കും അതത് സമയം മെഡിക്കൽ ഓഫീ പരിശോധിക്കുകയും ബോധ്യപ്പെടുകയും ചെയ്തിട്ടുണ്ടെന്നും എന്നാൽ അറ്റകുറ്റ പണികൾക്കാ വർക്ക്ഷോപ്പിൽ കൊടുത്ത വാഹനം തിരിച്ചു കിട്ടിയപ്പോൾ അതിലുണ്ടായിരുന്ന രസീത് ബു നഷ്ടപ്പെട്ടതായി ഡ്രൈവർ അറിയിച്ചെന്നും മറുപടി നൽകി. വാടക തുക കുറവായി ഈടാക്കി സംബന്ധിച്ച് നിർദ്ധനരായ രോഗികളാണ് കൂടുതലും ആംബുലൻസ് സൌക ഉപയോഗപ്പെടുത്തിയതെന്നും സാമ്പത്തിക സ്ഥിതി പരിഗണിച്ചും മാനുഷിക പരിഗണന മുഖേനയു തുക കുറവായി ഈടാക്കിയതെന്നും, വിവിധ ജനപ്രതിനിധികളുടെ നിർദ്ദേശ പ്രകാരമാണ് സൌ ട്രിപ്പുകൾ നടത്തിയിട്ടുള്ളതെന്നും ആയതിന്റെ രേഖകൾ ലഭ്യമാക്കുന്നതാണെന്നും മറു നൽകിയിട്ടുണ്ട്. 2025-26 വർഷം ആംബുലൻസ് ഉപയോഗിച്ചിട്ടില്ലെന്നും ഡ്രൈ അനുവദിക്കുന്നതിലേക്ക് ജില്ലാ മെഡിക്കൽ ഓഫീസർക്ക് അപേക്ഷ നൽകിയെന്നും നാളിതുവരെ

ഡ്രൈവറെ അനുവദിച്ചിട്ടില്ലെന്നും അറിയിച്ചു. വാഹനപരിപാലനവുമായി ബന്ധപ്പെട്ട രേഖ കൃത്യമായും സുതാര്യമായും സൂക്ഷിക്കാതിരുന്നത് സംബന്ധിച്ച് മേൽ സൂചിപ്പിച്ച അപാകതകൾ ഭരണസമിതി വിശദമായ അന്വേഷണം നടത്തി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 15/15.10.25

## 1.13 കടമുറികളുടെ വാടക കാലികമായി പുതുക്കി നിശ്ചയിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള കടമുറികളുടെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ കടമുറികളും വളരെ കുറഞ്ഞ പ്രതിമാസ വാടക മാത്രം നൽകി പ്രവർത്തിക്കുന്നതായി കാണു; ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കടമുറി നം, സ്ഥലം | പ്രതിമാസ വാടക (ജി.എസ്.ടി ഉൾപ്പെടെ) രൂപ |
|---|---|---|
| 1 | 12 കുന്നിക്കോട് | 332/- |
| 2 | 7/ആവണീശ്വരം | 552/- |
| 3 | 8/ആവണീശ്വരം | 552/- |
| 4 | 11/ആവണീശ്വരം | 391/- |
| 5 | 4/ഇളമ്പൽ | 718/- |
| 6 | 5/ഇളമ്പൽ | 743/- |
| 7 | 7/ഇളമ്പൽ | 499/- |
| 8 | 8/ഇളമ്പൽ | 516/- |
| 9 | 11/ഇളമ്പൽ | 546/- |

കടമുറികൾ അവസാനമായി ലേലം ചെയ്തു നൽകിയ തീയതിയുടെയും ബന്ധപ്പെട്ട പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെയും വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി മറുപടിയായി, വിളക്കുടി ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിച്ച് ലേലം ചെയ്ത ന

മുതൽ ലേലംകൊണ്ട വ്യക്തികൾ തന്നെയാണ് കടമുറി നാളിതുവരെ ഉപയോഗിച്ചുകൊണ്ടിരിക്കു വർഷാവർഷം 5% വാടക വർദ്ധിപ്പിച്ച് നൽകുക മാത്രമാണ് ചെയ്യുന്നത്. വർഷങ്ങൾ പഴക്ക കടമുറികൾ ആദ്യമായി ലേലം ചെയ്ത തീയതി തിരഞ്ഞതിൽ കണ്ടെത്താൻ സാധിച്ചിട്ടില്ല എ അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ്കോംപ്ലക്സ് വാടക പുതുക്കി നിശ്ചയിച്ച് പുനർലേ ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം 01/08.10.2025

## 1-14 രസീതുകൾ ക്യാൻസൽ ചെയ്തതായി രേഖയില്ല

ചുവടെ പറയുന്ന രസീതുകൾ പ്രകാരം വരവ് ഉള്ളതായി ഡേ ബുക്കിൽ രേഖപ്പെടുത്തിയി ക്യാൻസൽഡ് റസിപ്റ്റ് റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കാത്തതിനാൽ അവ ക്യാൻസൽ ചെയ്തതാ എന്ന് വ്യക്തമല്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഡേ ബുക്കിൽ ഉൾപ്പെടാത്ത രസീത് നം. | ഇതിനോട് ചേർന്ന് ഉപയോഗിച്ച രസീതിലെ തീയതി |
|---|---|---|
| 1 | 1240100475 | 08.05.2024 |
| 2 | 1240100595, 1240100596 | 16.05.2024 |
| 3 | 1240106021, 1240100626 | 21.05.2024 |
| 4 | 1240106529 | 29.03.2025 |
| 5 | 124102710 മുതൽ 124102729 | 09.12.2024 |
| 6 | 124102749 മുതൽ 124102766 വരെ | 10.12.2024 |
| 7 | 12410383 മുതൽ 124104422 വരെ | 31.01.2025 |
| 8 | 1240100115 മുതൽ 124100134 വരെ | 09.04.2025 |
| 10 | 1240100595 മുതൽ 1240100596 വരെ | 17.05.2024 |
| 11 | 1240104612 | 06.02.2025 |

| | | |
|---|---|---|
| 12 | 1240101235 മുതൽ 1240101242 വരെ | 22.07.2024 |
| 13 | 1240106253 | 25.03.2025 |
| 14 | 1240106377 | 27.03.2025 |

പ്രസ്തുത രസീതുകൾ പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ എൻക്വയറി മറുപടി ലഭിച്ചിട്ടില്ല. മേൽ രസീതുകൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം 11/13.10.2025

## 1.15 വേനൽക്കാല കുടിവെള്ളവിതരണം- നടപടികൾ സുതാര്യമല്ല

വേനൽക്കാല കുടിവെള്ള വിതരണത്തിന് സ്വീകരിച്ച നടപടികൾ സുതാര്യമായിരുന്നില്ല. സർക്ക അനുവദിച്ച പരിധിയിലും അധികമായി 17 ലക്ഷം രൂപ ചെലവ് ചെയ്തു.

ഓഡിറ്റ് വർഷം കുടിവെള്ളം വിതരണം ചെയ്യുന്നതിന് ടെണ്ടർ ക്ഷണിച്ചതിനെതുടർന്ന്, കിലോമീറ്ററിന് 83.8-രൂപ നിരക്ക് ക്വോട്ട് ചെയ്ത ശ്രീ. ജോസ് ആന്റണി, ജോസ്സ് ട്രേഡിംഗ് വ സപ്ലൈ ഏജൻസി, കുണ്ടറ എന്ന കരാറുകാരന്റെ ടെണ്ടർ അംഗീകരിച്ച് കരാറിലേർപ്പെട്ടു. 26.2 മുതൽ 10.5.2024 വരെയാണ് വിവിധ വാർഡുകളിൽ കുടിവെള്ളം വിതരണം ചെയ്തത്. കുടിവെ വിതരണത്തിന് കരാറുകാരന്റെ വാഹനങ്ങൾ 50532 കി. മീറ്റർ ഓടിയതിന്റെ ബില്ലുകളും ജി.പി.എ രേഖയും സമർപ്പിച്ചത് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ആയത് പരിഗണിച്ച് 1 കിലോ മീറ്ററിന് 83.4 നിരക്കിൽ ടിയാന് തുക അനുവദിച്ച് നൽകുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി പഞ്ചായ കമ്മിറ്റി 24.6.2024-ൽ 13-ാം നമ്പരായി തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ചു പറയുന്ന പ്രകാരമാണ് ടിയാന് തുക അനുവദിച്ച് നൽകിയത്.

| ക്രമ നമ്പർ | കുടിവെള്ള വിതരണം നടത്തിയ കാലയളവ് | കരാറുകാരന് നൽകിയ ബിൽ തുക₹ | നികുതികൾ കുറവ് ചെയ്തശേഷം നൽകിയ അറ്റ തുക (Net Amount)₹ | ചെക്ക് നമ്പർ, തീയതി |
|---|---|---|---|---|
| 1 | 26.2.2024 മുതൽ 10.3.2024വരെ | 600000/- | 594000/- | 017243/ 18.3.2024 |
| 2 | 11.3.2024 മുതൽ 31.3.2024 വരെ | 1200000/- | 1188000/- | 017534/ 6.4.2024 |

| | | | | |
|---|---|---|---|---|
| 3 | 1.4.2024 മുതൽ 22.4.2024 വരെ | 800000/- | 792000/- | 017365/ 24.4.2024 |
| 4 | 23.4.2024 മുതൽ 10.5.2024 വരെ | 962404/- | 940500/- | 017812/ 23.5.2024 |
| ആകെ | | 3562404/- | 3514500/- | |

തുകയുടെ വിനിയോഗത്തിൽ ഉണ്ടായ അപാകതകളുടെ വിവരം ചുവടെ ചേർക്കുന്നു.

1. എല്ലാ വാർഡുകളിലും കുടിവെള്ള വിതരണം നടത്തിയതിന് വാഹനം ഓടിയതിന്റെ ജി.പി.എ ലോഗ് ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 26.2.2024 മുതൽ 31.3.2024 വരെ കാലയളവിൽ കുടിവെ വിതരണം നടത്തിയതായി ബന്ധപ്പെട്ട ജനപ്രതിനിധികൾ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 01.04. മുതൽ 22.04.2024 വരെ കാലയളവിൽ വിവിധ വാർഡുകളിൽ കുടിവെള്ള വിതരണം നടത്തിയത സൂചിപ്പിക്കുന്ന സ്റ്റേറ്റ്മെന്റിൽ അതാത് വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. പഞ്ചായ പ്രസിഡന്റ് ആണ് പ്രസ്തുത സ്റ്റേറ്റ്മെന്റുകൾ സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്. 04.05.2024 ലെ വിതരണത്തിന് 3, 10, 2, 7 എന്നീ വാർഡുകളിലെയും, 6.5.2024-ലേതിന് 18, 11, 2, 10 എ വാർഡുകളിലെയും ജനപ്രതിനിധികൾ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. വേനൽക്കാല കുടിവെള്ള വിതരണം നടത്തുന്നതിന് തനത് ഫണ്ട്/വികസന ഫണ്ട് എന്നിവയിൽ നി ഗ്രാമപ്പഞ്ചായത്തുകൾക്ക് പരമാവധി 18 ലക്ഷം രൂപ ചെലവഴിക്കുന്നതിന് തദ്ദേശസ്വയംഭരണ (ഡി വകുപ്പിന്റെ 19.2.2024-ലെ സ.ഉ(സാധാ) നമ്പർ 405/2024/LSGD ആയി സർക്കാർ അനുമതി നൽകിയിട്ടു അനുവദനീയമായ പരിധിയേക്കാളും 17,62,404/-രൂപ ചെലവഴിച്ചതിന് സർക്കാരിൽ നി സാധൂകരണം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും ആയത് ഇതുവരെ ലഭ്യമായിട്

3. 5000 ലിറ്റർ ടാങ്ക് കപ്പാസിറ്റിയുള്ള വാഹനങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിനാണ് ക്വ ക്ഷണിച്ച് കരാർ നൽകിയത്. എന്നാൽ 5000 ലിറ്റർ ടാങ്ക് കപ്പാസിറ്റിയുള്ള വാഹനം എ പ്രദേശങ്ങളിലും ചെന്നെത്താൻ കഴിയാത്തതിനാൽ, 2000 ലിറ്ററിന്റെയും, 3000 ലിറ്ററിന്റെയും ശേഷിയുള്ള വാഹനങ്ങളിലാണ് ഭൂരിഭാഗവും കുടിവെള്ളം വിതരണം ചെയ്തത്. ഇക്കാരണത്താ കിലോ ലിറ്ററിന് കരാറുകാരൻ ക്വോട്ട് ചെയ്ത 88.8/-രൂപയിൽ നിന്നും 85/-രൂപയായി നിരക്ക് കു ചെയ്ത് ആ നിരക്കിൽ പ്രതിഫലം നൽകുന്നതിന് 17.5.2024-ലെ 1-ാം നമ്പരായി പഞ്ചായത്ത് കമ്മ തീരുമാനം എടുത്തതായി കണ്ടു. വാഗ്ദാനം ചെയ്ത ടാങ്ക് കപ്പാസിറ്റിയിൽ നിന്നും അതിന

